## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4428** **25.06.2019 -ൽ മറുപടിയ്ക്ക്**

## സമഗ്ര ശിക്ഷ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) സമഗ്ര ശിക്ഷ പദ്ധതി പ്രകാരം 2018-19 ൽ എന്ത് തുകയാണ് കേന്ദ്രം അനുവദിച്ചത് ; ഇതിൽ എന്ത് തുക ഇതിനകം ലഭിച്ചു ; ഈ തുക എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് വിനിയോഗിച്ചത് ; | എ) 2018-19 വർഷത്തെ വാർഷിക പദ്ധതിയായി കേന്ദ്രഗവൺമെന്റ് അംഗീകരിച്ച തുക 876.94 (എണ്ണൂറ്റി എഴുപത്തിആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷം രൂപ ) കോടി രൂപയാണ് (സ്പിൽ ഓവർ അടക്കം) ഇതിൽ പ്രസ്തുത വർഷത്തെ പ്രവർത്തനങ്ങൾക്ക് മാത്രമായി 739.93 (എഴുന്നൂറ്റി മുപ്പത്തി ഒൻപത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷം രൂപ) കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കേന്ദ്ര വിഹിതമായി 256.04(ഇരുന്നൂറ്റി അൻപത്തി ആറ് കോടി നാല് ലക്ഷം രൂപ) കോടി രൂപയും സംസ്ഥാന വിഹിതമായി പഞ്ചായത്തുകളിൽ നിന്നും ലഭിച്ചതും സംസ്ഥാനം നേരിട്ട് തന്നതുമായി 176.44 (നൂറ്റി എഴുപത്തി ആറ് കോടി നാല്പത്തിനാല് ലക്ഷം രൂപ ) കോടി രൂപയും മുൻവർഷത്തെ നീക്കിയിരിപ്പ് തുകയായ 53.76 (അൻപത്തി മൂന്ന് കോടി എഴുപത്തി ആറ് ലക്ഷം രൂപ ) കോടി രൂപയും ചേർത്ത് ആകെ 486.24 (നാന്നൂറ്റി എൺപത്തി ആറ് കോടി ഇരുപത്തി നാല് ലക്ഷം രൂപ) കോടി രൂപയും ആകെ ലഭിച്ചു. താഴെ പറയുന്ന പരിപാടികൾക്കാണ് തുക ചെലവഴിച്ചത്.<br><br>1.സൗജന്യ പാഠപുസ്തക വിതരണം.<br>2. സൗജന്യ യൂണിഫോം.<br>3. കോംബോസിറ്റ് സ്കൂൾ ഗ്രാന്റ്<br>4. രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ.<br>5. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം.<br>6. വിദ്യാർത്ഥികൾക്ക് യാത്ര സൗകര്യം ഒരുക്കൽ.<br>7. ശാലാസിദ്ധി.<br>8. പഠനപരിപോഷണപരിപാടി.<br>9.ഗൈഡൻസ് & കൗൺസിലിംഗ്.<br>10.ഔട്ട് ഓഫ് സ്കൂൾ സ്പെഷ്യൽ ട്രെയിനിംഗ്.<br>11.സിവിൽ വർക്ക്.<br>12.പ്രീപ്രൈമറി വിദ്യാഭ്യാസം.<br>13.ബി.ആർ.സി-സി.ആർ.സി മുഖേനയുള്ള അക്കാദമിക പിന്തുണ.<br>14.അദ്ധ്യാപകരുടെ ശമ്പളം<br>15. സ്വയം പ്രതിരോധ പരിശീലന പരിപാടി<br>16.നിരന്തര വിലയിരുത്തൽ ശക്തിപ്പെടുത്തൽ |

17.പെൺകുട്ടികളുടെ ശാക്തീകരണം
18 പെൺകുട്ടികൾക്കായുള്ള കൗമാര വിദ്യാഭ്യാസം.
19.അവധിക്കാല അദ്ധ്യാപക പരിശീലനം
20. കേന്ദ്ര ഗ്രന്ഥാലയവും ക്ലാസ്സ് ലൈബ്രറിയും
21. റസിഡൻഷ്യൽ ഹോസ്റ്റൽ
22. നൂതനാശയ പ്രവർത്തനങ്ങൾ
23.മീഡിയ & കമ്യൂണിറ്റി മൊബിലൈസേഷൻ
24. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്)

| | | |
|---|---|---|
| ബി) | 2019-20 ൽ സമഗ്ര ശിക്ഷ പദ്ധതി പ്രകാരം എന്ത് തുകയാണ് കേന്ദ്രം വകയിരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ പുതിയ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | ബി) 1506.41 കോടി രൂപയുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുക അംഗീകരിച്ചു കൊണ്ടുള്ള മിനിട്ട്സ് ഇതുവരെ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ